1. ശ്രീ നാരായണ ട്രസ്റ്റ് മെഡിക്കൽ മിഷൻ, കൊല്ലം.
2. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, മിയന്നൂർ.
3. ട്രാവൻകൂർ മെഡിക്കൽ കോളേജ്, മൈലാപ്പൂർ
4. ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ, കൊല്ലം.
5. സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ, അഞ്ചൽ.
6. പത്മാവതി ഹോസ്പിറ്റൽ, (ഡയാലിസിസ് സെന്റർ ഉൾപ്പെടെ) ശാസ്താംകോട്ട.
7. ശ്രീ സത്യസായി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കൊട്ടാരക്കര.
8. പൊയാനിൽ ഹോസ്പിറ്റൽ, പുനലൂർ.
9. കൊല്ലം ഡിസ്ട്രിക്ട് ഹോസ്പിറ്റൽ (എൻ.എസ്.ഹോസ്പിറ്റൽ)

(ബി&സി) പുതിയ ആശുപത്രികളെ അക്രഡിറ്റ് ചെയ്യുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

**വയനാട് മെഡിക്കൽ കോളേജിന്റെ ആർക്കിടെക്ചറൽ ഡിസൈൻ സംബന്ധിച്ച് ഫിനാൻസ് വകുപ്പിന്റെ സി.റ്റി.ഇ.-ക്ക് പരാതി**

17(3638) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻസ് വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ (സി.റ്റി.ഇ.)-ക്ക് പരാതിയോ വിശദീകരണമോ ഏതെങ്കിലും ഏജൻസികളിൽ നിന്നോ വകുപ്പുകളിൽനിന്നോ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയുടെ/വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ കൺസൾട്ടൻസി നൽകുന്നതുമായി ബന്ധപ്പെട്ട് Anson Group എന്ന സ്ഥാപനം നൽകിയ പരാതി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ (എൻ.സി.) വകുപ്പ് ഫയൽ (നമ്പർ NCA4.17/2016 Fin.) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയത്തിന് കൈമാറിയിരുന്നു. ടി പരാതിയിൽ വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ കൺസൾട്ടൻസി നൽകുന്നതിനെപ്പറ്റിയും ആക്ഷേപം ഉന്നയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ വ്യക്തമാക്കുന്നതിലേയ്ക്കായി പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് Insp.Tech 3/68/2016/Fin. നമ്പർ ഫയലിൽ 8-7-2016 തീയതിയിൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

**നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതി**

18(3639) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതിയിൻമേൽ ബഹു. ധനകാര്യ മന്ത്രിയുടെ 5-4-2017-ലെ 1356515/2017 നമ്പർ നിർദ്ദേശ പ്രകാരം വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പരാതിയിൻമേൽ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറിൽ (ഇന്റലിജൻസ്) നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരാതി തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതിയിൽ 20-4-2017 തീയതിയിൽ കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെടുകയും 25-4-2017-ൽ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

(സി) മെ.ഒബെറ ഫ്ലെക്സ് പ്രിന്റിംഗ്, പെരുവള്ളൂർ എന്ന സ്ഥാപനത്തിന്റെ പ്രതിനിധി നേരിൽ ഹാജരായി 19,44,869 രൂപ മാത്രമാണ് നികുതി വെട്ടിപ്പ് എന്ന് സമ്മതിച്ചുവെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കി നിജസ്ഥിതി ബോദ്ധ്യപ്പെടുത്താൻ സ്ഥാപനത്തിന് കഴിഞ്ഞില്ല. ആയതിനാൽ അവർ നൽകിയ മറുപടി നിരസിച്ചുകൊണ്ട് ടി സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം ഫയലിൽ ഇന്റലിജൻസ് ഓഫീസർ, സ്ക്വാഡ്-4, തൃശ്ശൂരിന്റെ 27-6-2017 തീയതിയിലെ ITC/IV/42/15-16 നമ്പർ ഉത്തരവ് പ്രകാരം 64,77,254 രൂപ പിഴ ചുമത്തിക്കൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly